**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6392 03.04.2018 ന് മറുപടിയ്ക്ക്.

**കക്കയം- ഉരക്കുഴി തൂക്ക പാലം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ബാലുശ്ശേരി മണ്ഡലത്തിലെ കക്കയം-ഉരക്കുഴി ഹൈഡൽ ടൂറിസത്തിലേക്ക് വനം വകുപ്പ് സ്ഥാപിച്ച തൂക്ക പാലം തുരുമ്പെടുത്ത് അപകടാവസ്ഥയിലായിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2008-09 വർഷത്തിൽ ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി ഉരക്കുഴിയിൽ ഒരു തൂക്കുപാലം നിർമ്മിച്ചിരുന്നു. എന്നാൽ പ്രസ്തുത തൂക്കുപാലത്തിന് ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ സന്ദർശകർക്ക് ഇത് ഉപയോഗിക്കുവാൻ നൽകുന്നില്ല. |
| (ബി) ഈ തൂക്കുപാലം സഞ്ചാരയോഗ്യമാക്കുന്ന രീതിയിൽ പുതുക്കി പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) സ്വീകരിച്ചിട്ടുണ്ട്. ഇവിടെ പുതിയൊരു തൂക്കുപാലം നിർമ്മിക്കുന്നതിന് അടങ്കൽ തയ്യാറാക്കുന്നതിന് പൊതുമേഖലാ സ്ഥാപനമായ SILK നെ ചുമതലപ്പെടുത്തുകയും SILK 14,68,116/- രൂപയുടെ അടങ്കൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ